(ബി) താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് എന്നാണ്; ഈ സ്ഥിരപ്പെടുത്തൽ പിന്നീട് റദ്ദാക്കുവാൻ ഉണ്ടായ കാരണമെന്താണ്;

(സി) സ്ഥിരം സ്വഭാവമുള്ള ജോലി തുടർച്ചയായി ചെയ്തു വരുന്ന വരെ സ്ഥിരപ്പെടുത്തണമെന്നുള്ള സുപ്രീം കോടതി വിധി ഇവർക്ക് ബാധക മല്ലേ;

(ഡി) സംസ്കൃത സർവ്വകലാശാലയിലെ നിയമനങ്ങൾ ഇപ്പോൾ നട ത്തുന്നത് ഏത് നടപടിക്രമമനുസരിച്ചാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 190 പേർ ഓരോ മാസവും 20 ദിവസം വീതം. അതാതുമാസങ്ങ ളിലെ ആവശ്യാനുസരണമായി സർവ്വകലാശാലയിലെ വിവിധ ഓഫീസുക ളിലും കേന്ദ്രങ്ങളിലും ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെ ന്നും, ഇവരിൽ 165 പേരുടെ നിയമനങ്ങൾ സംബന്ധിച്ച് വിജിലൻസ് കേസ്സു കൾ നിലവിലുണ്ടെന്നും സംസ്കൃത വാഴ്സിറ്റി അറിയിക്കുന്നു.

(ബി) 1.3.1996 മുതൽ സ്ഥിരപ്പെടുത്തുവാൻ പ്രഥമ വൈസ്ചാൻസല റുടെ അധ്യക്ഷതയിൽ 4.5.1996 - ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനി ച്ചു. പ്രഥമ വൈസ്ചാൻസലർമാർക്കോ സിൻഡിക്കേറ്റിനോ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് അദ്ധ്യാപകരുടേയോ മറ്റു ജീവനക്കാ രുടേയോ സ്ഥിരം നിയമനങ്ങൾ നടത്തുന്നതിന് അധികാരമില്ലായെന്ന് ഹൈക്കോടതി റൂളിംഗിന്റെ അടിസ്ഥാനത്തിലും പ്രസ്തുത സ്ഥിരപ്പെടുത്തൽ ഇന്ത്യൻ ഭരണഘടനയുടെ 14,16 ആർട്ടിക്കിളുകളുടേയും സംസ്കൃത സർവ്വക ലാശാല ആക്ടിലെ 31,32 വകുപ്പുകളുടേയും ലംഘനമാണെന്ന് സിൻഡിക്കേറ്റ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലുമാണ് മുൻ തീരുമാനം റദ്ദു ചെയ്ത തെന്ന് യൂണിവേഴ്സിറ്റി അറിയിക്കുന്നു.

(സി) സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കുവേണ്ടി ദിവസക്കൂലി നൽകി അപ്പപ്പോൾ നിയമിക്കുന്നവരെ സ്ഥിരപ്പെടുത്താൻ നിർവ്വാഹമില്ല എന്നാണ് യൂണിവേഴ്സിറ്റി റിപ്പോർട്ട്.

(ഡി) സർവ്വകലാശാല ആക്ടിലേയും സ്റ്റാറ്റ്യൂട്ടറിലെയും വ്യവസ്ഥ കൾക്കനുസൃതമായാണ് സർവകലാശാലയിലെ നിയമനങ്ങൾ നടത്തുന്നത്.

44 (3211) കാലടി സംസ്കൃത സർവകലാശാലയിലെ അദ്ധ്യാപകരുടെ നിയമനത്തിലെ ക്രമക്കേട്

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സംസ്കൃത സർവ്വകലാശാലയിൽ അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടായിട്ടുണ്ടോ;

(ബി) മേയ് 22-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക്ലിസ്റ്റിൽ ഓരോ വിഭാഗ ത്തിലും എത്ര പേർ വീതമുണ്ട്; ഇതിൽ എത്ര പേരെ നിയമിച്ചു;

(സി) ഇന്റർവ്യൂവിൽ ഉയർന്ന റാങ്ക് നേടിയ പലർക്കും പി.എച്ച്.ഡി, എം.ഫിൽ എന്നിവ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റാങ്ക്‌ലിസ്റ്റിലുള്ള ചിലർ വളരെ കുറഞ്ഞ മാർക്ക് അക്കാദമിക് എക്സലൻസിയിൽ നേടിയവരാണെന്നും ഇന്റർവ്യൂവിൽ മുഴുവൻ മാർക്കും നേടിയതു കൊണ്ടാണ് ഇവർ തെരഞ്ഞെടുക്കപ്പെട്ടതെന്നതും ശരിയാണോ;

(ഇ) മലയാളം അദ്ധ്യാപകരുടെ റാങ്ക്‌ലിസ്റ്റിൽ എത്ര പേരുണ്ട്; അവരുടെ പേര് വിവരം, വിദ്യാഭ്യാസ യോഗ്യതകൾ എന്നിവ വ്യക്തമാക്കുമോ;

(എഫ്) അദ്ധ്യാപക നിയമനങ്ങളെ സംബന്ധിച്ച് കേസ്സുകൾ നിലനിൽക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മേയ് 22-ൽ പ്രസിദ്ധീകരിച്ചിട്ടില്ല. മലയാളം, ഹിന്ദി എന്നീ വിഷയങ്ങളുടെ റാങ്ക്‌ലിസ്റ്റുകൾ മേയ് 21-നാണ് പ്രസിദ്ധീകരിച്ചത്. മലയാളത്തിൽ 50 പേരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ നിന്നും 22 പേരെയും ഹിന്ദിയിൽ 40 പേരുടെ ലിസ്റ്റിൽ നിന്നും 20 പേരെയും നിയമിച്ചിട്ടുണ്ടെന്ന് യൂണിവേഴ്സിറ്റി അറിയിക്കുന്നു.

(സി) യു.ജി.സി നടത്തുന്ന നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകുന്നവർക്കാണ് ലക്ചറർ നിയമനത്തിന് യോഗ്യതയുള്ളത്. 1993 ഡിസംബറിനു മുമ്പ് എം.ഫിൽ പി.എച്ച്.ഡി. നേടിയിട്ടുള്ളവരെ ടെസ്റ്റ് പാസ്സാകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. യു.ജി.സി. നിർദ്ദേശിച്ച യോഗ്യതകൾ ഉള്ളവരെ മാത്രമേ ലക്ചറർ തസ്തികയിൽ നിയമിച്ചിട്ടുള്ളൂ എന്ന് യൂണിവേഴ്സിറ്റി അറിയിക്കുന്നു.

(ഡി) അക്കാദമിക് കൗൺസിൽ നിർദ്ദേശിച്ച മാനദണ്ഡമനുസരിച്ച് 100 മാർക്കിൽ ഓരോരുത്തരും നേടിയ മാർക്കിന്റെ അടിസ്ഥാനത്തിലാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയത്. 100 മാർക്ക് താഴെ പറയുന്ന രീതിയിൽ വിഭജിച്ച് നൽകിയിരിക്കുന്നു.

പി.ജി. മാർക്ക് - 50, പ്രസിദ്ധീകരണങ്ങൾ - 6, അദ്ധ്യാപനപരിചയം - 6, പി.എച്ച്.ഡി. - 10, ഉയർന്ന പരീക്ഷാനിലവാരം - 3, ഇന്റർവ്യൂ - 25

(ഇ) 50 പേർ. എല്ലാവരെയും യു.ജി.സി. നിർദ്ദേശിച്ച വിദ്യാഭ്യാസ യോഗ്യതകൾ ഉള്ളവരാണ്.

(എഫ്) നിയമനം ലഭിക്കാത്ത അദ്ധ്യാപകരിൽ ചിലർ കോടതിയെ സമീപിച്ചിട്ടുണ്ടെന്ന് യൂണിവേഴ്സിറ്റി അറിയിക്കുന്നു.

45 (3212) പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റു ചെയ്ത എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ കോളേജുകൾ സ്വാശ്രയ കോളേജുകളായിട്ടാണോ തുടങ്ങുന്നത് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly